ഗ്വാളിയർ റയോൺസ് തൊഴിലാളികളുടെ സമരം

14 (1202) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസിലെ കരാർത്തൊഴിലാളികളുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചത് ;

(സി) ഇവിടെ മറ്റു തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ ഗ്വാളിയർ റയോൺസിലെ കരാർ തൊഴിലാളികളുടെ നഷ്ടപരിഹാരം സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ലേബർ കമ്മീഷണറുടെ തലത്തിലും തൊഴിൽ വകുപ്പ് മന്ത്രിയുടെ തലത്തിലും നടത്തിയ ചർച്ചകൾ ഫലവത്തായില്ല. തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സർക്കാർ നേരിട്ട് തൊഴിൽ സ്ഥാപനം ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

യോഗ്യതയുള്ള ക്ലാസ്ഫോർ ജീവനക്കാരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആക്കാൻ നടപടി

15 (1203) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ ജില്ല, താലൂക്ക്, ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ജോലി ചെയ്യുന്നുണ്ടോ ;

(ബി) എങ്കിൽ ആരാണ് പ്രസ്തുത ജോലി ചെയ്യുന്നത് ;

(സി) പി.ജി.ഡി.സി.എ., എം.സി.എ. തുടങ്ങിയ യോഗ്യതയുള്ള ക്ലാസ്സ് ഫോർ ജീവനക്കാർ നിലവിലുണ്ടെങ്കിൽ തസ്തികമാറ്റം വഴി പ്രസ്തുത ജോലിക്ക് അവരെ നിയമിക്കുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി-ഡി) വ്യവസായ വകുപ്പിൽ ഇപ്പോൾ ഉള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിനാൽ യോഗ്യതയുള്ള ക്ലാസ്സ് ഫോർ ജീവനക്കാരെ തസ്തിക മാറ്റം വഴി നിയമിക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

വ്യാവസായിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് ലഭിച്ച വിദേശ നാണ്യം

16 (1204) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വ്യാവസായിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞ വിദേശ നാണ്യം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കയറ്റുമതി വർദ്ധിപ്പിച്ച് വിദേശനാണ്യം നേടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കേരളത്തിൽ നിന്നുമുള്ള കയറ്റുമതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

2001-2002	7038 കോടി രൂപ
2002-2003	7529 കോടി രൂപ

ഇതിൽ 25 ശതമാനം വ്യാവസായിക ഉൽപ്പന്നങ്ങളും ബാക്കി 75 ശതമാനം കാർഷിക-സമുദ്രോൽപ്പന്നങ്ങളുമാണ്. വ്യാവസായിക ഉൽപ്പന്നങ്ങളുടെ മാത്രം തരം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) കയറ്റുമതി വർദ്ധിപ്പിക്കുവാനായി കേരള സ്റ്റേറ്റ് എക്സ്പോർട്ട് ട്രേഡ് ഡെവലപ്മെന്റ് കൗൺസിൽ (കേരക്ബിൽ) മുഖാന്തിരം ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള എസൈഡ് (ASIDE) എന്ന പദ്ധതി വഴി കേന്ദ്ര സർക്കാരിന്റെ ധനസഹായവും സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly